# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2212      18.12.2012 ലെ മറുപടിക്ക്

### ചേർത്തല വാഗൺ ഫാക്ടറി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. എം. ആരിഫ് : | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി) | |
| (എ) | ചേർത്തല വാഗൺ ഫാക്ടറിക്കായി മുൻ സർക്കാരിന്റെ കാലത്ത് എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തീകരിച്ചിരുന്നുവെന്ന് വ്യക്തമാക്കുമോ ; | (എ) | 2007 - 2008 ലെ കേന്ദ്ര റയിൽവെ ബഡ്ജറ്റ് പ്രസംഗത്തിൽ ചേർത്തല SILK AUTOKAST കമ്പനികളുമായി ചേർന്ന് റെയിൽവേ ഒരു കൂട്ടു സംരംഭം മുഖേന ഐസിഎഫ് ഡിസൈൻ പാസഞ്ചർ ബോഗികൾ നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചു. തുടർന്ന് 28.6.2008 ന് റയിൽ മന്ത്രാലയം ഈ നിർമ്മാണം പ്രായോഗികമെങ്കിൽ പരിഗണിക്കുമെന്ന നിബന്ധനയോടെ കൂട്ടു സംരംഭം രൂപീകരിക്കുന്നതിന് സംസ്ഥാന സർക്കാരുമായി ഒരു ധാരണാപത്രം ഒപ്പിട്ടു. തുടർന്ന് റയിൽവേ ഈ പദ്ധതിയുടെ പ്രായോഗികത പഠിക്കുവാനായി RITES നെ ഏൽപ്പിച്ചു. RITES ന്റെ അന്തിമ റിപ്പോർട്ടിൽ കൂട്ടു സംരംഭം പ്രായോഗികമല്ലായെന്നും യൂണിറ്റുകൾ പ്രായോഗികമാക്കാൻ മൂവായിരം കപ്ലറുകളും ബോഗികളും റെയിൽവേ എടുക്കാം എന്ന ഉറപ്പ് നൽകാം എന്നും ശുപാർശ ചെയ്തിട്ടുണ്ട്. |
| (ബി) | നിർദ്ദിഷ്ട വാഗൺ ഫാക്ടറി സ്ഥാപിക്കുന്നത് സംബന്ധിച്ച കേന്ദ്ര സർക്കാരിന്റെ ഇപ്പോഴത്തെ തീരുമാനങ്ങൾ എന്തെല്ലാമാണ്; | (ബി) | 2011 -12 ലെ റയിൽവേ ബഡ്ജറ്റ് പ്രസംഗത്തിലാണ് ആലപ്പുഴയിൽ ഒരു വാഗൺ ഫാക്ടറി റെയിൽവേ പ്രഖ്യാപിച്ചത്. ഇതിനായി സംസ്ഥാന സർക്കാർ ഭൂമി ഏറ്റെടുത്ത് നൽകേണ്ടതുണ്ട്. തിരുവിഴയിൽ |

| | | | |
|---|---|---|---|
| | | | നിർദ്ദേശിച്ച ഭൂമിയുടെ ആകൃതി ഫാക്ടറിക്ക് അനുയോജ്യമല്ല എന്ന് റയിൽവേ അറിയിച്ചു. തുടർന്ന് ആലപ്പുഴയിൽ മറ്റ് സ്ഥലം ലഭ്യമല്ല എന്നും തിരുവിഴയിലെ സൈറ്റിനോട് ചേർന്ന് കുറച്ച് കൂടി ഭൂമി ചേർത്ത് യോജിച്ച ആകൃതിയിലാക്കി നൽകാമെന്ന നിർദ്ദേശം റയിൽവേക്ക് സംസ്ഥാന സർക്കാർ നൽകിയിട്ടുണ്ട്. |
| (സി) | ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാരുമായി കേന്ദ്രം ചർച്ച ചെയ്തിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (സി) | ഇക്കാര്യം പ്രധാനമന്ത്രിയുടെ ഉപദേശകൻ 25.9.2012 ന് വിളിച്ചു ചേർത്ത യോഗത്തിൽ ചർച്ച ചെയ്തിരുന്നു. വാഗൺ ഫാക്ടറിക്ക് ആവശ്യമായ സ്ഥലം കണ്ടെത്തുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്ര റയിൽ മന്ത്രാലയവുമായി യോജിച്ച് പ്രവർത്തിക്കണമെന്നും, റയിൽവേ ബോർഡും സംസ്ഥാന സർക്കാരും കൂട്ടുസംരംഭം ചർച്ച ചെയ്ത് തീരുമാനിക്കണമെന്നും ടി യോഗത്തിൽ തീരുമാനിച്ചു. |
| (ഡി) | പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിന് ഇപ്പോൾ എന്ത് നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് അറിയിക്കുമോ? | (ഡി) | ആലപ്പുഴയിൽ മറ്റ് സ്ഥലം ലഭ്യമല്ല എന്നും തിരുവിഴയിലെ സൈറ്റിനോട് ചേർന്ന് കുറച്ച് കൂടി ഭൂമി ചേർത്ത് യോജിച്ച ആകൃതിയിലാക്കി നൽകാമെന്ന നിർദ്ദേശം റയിൽവേക്ക് സംസ്ഥാന സർക്കാർ നൽകിയിട്ടുണ്ട്. 2013-14 ലെ റയിൽവേ ബഡ്ജറ്റിൽ കൂട്ടുസംരംഭവും, വാഗൺ ഫാക്ടറിയും നടപ്പിലാക്കുന്ന പതിനാവശ്യമായ വകയിരുത്തലുകൾ വരുത്തുമെന്ന് 2012 നവംബർ മാസം സംസ്ഥാനത്തിന്റെ റയിൽവേ ആവശ്യങ്ങൾ സംബന്ധിച്ച് കേന്ദ്ര സർക്കാരിനു സമർപ്പിച്ച നിവേദനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ